വിച്ചിട്ടുണ്ട്. വിമാനങ്ങളിലും മുങ്ങിക്കപ്പലുകളിലും ഒരുപക്ഷേ, ഉപഗ്രഹങ്ങളിലും അമേരിക്ക തയ്യാറാക്കി വെച്ചിട്ടുള്ളതും റഷ്യയുടെ അരികിലൂടെ കടലിലും ആകാശത്തിലും നീങ്ങിക്കൊണ്ടിരിക്കുന്നതുമായ അണ്വായുധങ്ങൾകൂടെ നശിപ്പിച്ചാലേ തങ്ങളുടെ അതിർത്തിക്കകത്തുള്ള അണ്വായുധങ്ങൾ പൂർണമായും നശിപ്പിക്കാൻ കഴിയൂ എന്നതാണ് റഷ്യയുടെ നില. ചുരുക്കത്തിൽ, സമഗ്രമായ അണ്വായുധ നിരോധനത്തിനു തങ്ങൾ തയ്യാറാണെന്ന് റഷ്യ പറയുന്നു. 'നിങ്ങളെ ഞങ്ങൾക്ക വിശ്വാസമില്ല.' എന്ന് അമേരിക്ക ആവർത്തിക്കുകയും ചെയ്യുന്നു. അങ്ങനെ അവർക്കിടയിലെ സംവാദം അർത്ഥമില്ലാതെ നീളുന്നു. അതേസമയം ആയുധപ്പന്തയത്തിന് ആക്കം കൂടുന്നു; ദാരിദ്ര്യ നിവാരണത്തിന് ഉപയോഗിക്കേണ്ട വിഭവങ്ങൾ സംഹാര വ്യാപാരത്തിൽ ചെലവഴിക്കപ്പെടുന്നു; ലോകം പൊട്ടിത്തെറിയുടെ വക്കിൽ വിറച്ചും വിളർത്തും നിലകൊള്ളുകയും ചെയ്യുന്നു.

'യൂറോഷിമ പാടില്ല!' എന്ന യൂറോപ്പുകാരുടെ മുദ്രാവാക്യത്തിന് താത്കാലിക പ്രസക്തിയുണ്ട്. പക്ഷേ, യൂറോപ്പിലല്ലെങ്കിൽ, ഏഷ്യയിലോ ആഫ്രിക്കയിലോ ലാററിൻ അമേരിക്കയിലോ ഒക്കെയാണെങ്കിൽ, 'ഷിമ' ആവാം എന്ന സൂചന അതിലില്ലേ? 'ഹിരോഷിമ' ആവാമെങ്കിൽ എന്തുകൊണ്ട് 'യൂറോഷിമ' പാടില്ല എന്നാണോ റേയ്ഗൻ സർക്കാരിന്റെ യുക്തിവാദം? ആണെങ്കിൽ, അതിന്ന് യൂറോപ്പുകാർ എന്തു മറുപടി പറയും? പറയുന്ന മറുപടിക്ക് എത്രകണ്ട ധാർമിക സാധുതയുണ്ടാവും?

സാർവത്രികവും പൂർണവുമായ അണ്വായുധ നിരോധം; സൈനിക സന്നാഹങ്ങളിൽ വൻതോതിൽ വെട്ടിക്കുറയ്ക്കൽ; കഴിവുള്ള സ്ഥലങ്ങളിലെല്ലാം നിസ്സൈനികൃത മേഖലകൾ; സാദ്ധ്യമായ രാജ്യങ്ങൾക്കെല്ലാം (സ്വിററ്സർലൻഡിനെപോലെ) നിഷ്പക്ഷതാനയം; രാജ്യങ്ങൾക്കിടയിൽ പഞ്ചശീലാധിഷ്ഠിതമായ അനാക്രമണവും സഹവർത്തിത്വവും; സംഘർഷത്തിനു പകരം സഹകരണം—അങ്ങനെ ഒരു പുതിയ മനുഷ്യ വ്യവസ്ഥിതിയെപ്പററി ഗൗരവത്തോടെ രാഷ്ട്രനേതാക്കന്മാരെല്ലാം ചിന്തിച്ചു തുടങ്ങേണ്ട കാലമായിരിക്കുന്നു.

യൂറോപ്പ് നശിക്കാതിരിക്കേണ്ടതു മനുഷ്യവർഗത്തിന്റെ മുഴുവൻ ആവശ്യമാണ്. 'നോ യൂറോഷിമ!' എന്നു നമ്മളും ആവശ്യപ്പെടുക. അതേ സമയം, യൂറോപ്പിലെ അണ്വായുധ നിരോധം തുടക്കം മാത്രമേ ആകുന്നുള്ളു എന്നും, അതിന്റെ പരിസമാപ്തി ഒരു ആഗോള നീതിവ്യവസ്ഥയിൽ മാത്രമാണെന്നും നമുക്ക് യൂറോപ്പുകാരേയും അമേരിക്കക്കാരേയും ഓർമിപ്പിക്കുക.

# 16. ആയുധ വ്യാപാരം

മുമ്പ് ഒരിക്കലുമുണ്ടായിട്ടില്ലാത്ത ഒരു വിഷമാവസ്ഥയെ നേരിട്ടുകൊണ്ടിരിക്കുകയാണ് മനുഷ്യവർഗം. ശരിക്കു നിർവചിക്കുവാൻ ഇനിയും കഴിഞ്ഞിട്ടില്ലാത്ത സാമ്പത്തിക പ്രതിസന്ധിയാണ് ഈ വിഷമാവസ്ഥയുടെ ഒരു മുഖം. മുതലാളിത്തമായാലും കമ്യൂണിസമായാലും 'മിശ്ര'മായാലും, എല്ലാ സമ്പദ്വ്യവസ്ഥകളും ഈ പ്രതിസന്ധിയിലൂടെ കടന്നു പൊയ്ക്കൊണ്ടിരിക്കുകയാണ് ഇന്ന്.

നാണയപ്പെരുപ്പം, വിലവർദ്ധന, വ്യാവസായികമാന്ദ്യം, തൊഴിലില്ലായ്മ എന്നിവയത്രേ ഈ പ്രതിസന്ധിയുടെ ബാഹ്യലക്ഷണങ്ങൾ.

അതിന്റെ അന്തരസ്വഭാവം എന്തെന്ന് ഇനിയും വേണ്ടത്ര വിശദമായിട്ടില്ല. അതിനാൽ ലക്ഷണങ്ങളെ ചികിത്സിച്ചു മാററാനുള്ള ശ്രമമാണ് എവിടെയും നടക്കുന്നത്.

സർക്കാരുകൾ കടലാസ്സു നാണയം അടിച്ചിറക്കിയും, ബാങ്കുകൾ ക്രെഡിററ് അനുവദിച്ചും സൃഷ്ടിക്കുന്നതാണു നാണയപ്പെരുപ്പം. നാണയപ്പെരുപ്പമാണു വിലക്കയററത്തിന്റെ ഒരു കാരണം. അതിനാൽ നാണയപ്പെരുപ്പവും, അതുമൂലമുണ്ടാവുന്ന വിലക്കയററവും തടയാൻ ആദ്യമായി ചെയ്യേണ്ടതു് സർക്കാരുകളുടെ നോട്ടടിക്കൽ കുറയ്ക്കുകയും ബാങ്ക് വായ്പകൾ നിയന്ത്രിക്കുകയുമാണ്.

പക്ഷേ, നോട്ടടിക്കൽ കുറച്ചാൽ സർക്കാരിന്റെ വികസന പ്രവർത്തനങ്ങൾ മുടങ്ങും. വായ്പ നിയന്ത്രിച്ചാൽ വ്യവസായങ്ങൾ നിശ്ചലങ്ങളാകും. പല രംഗങ്ങളിലായി സർക്കാർ ധാരാളം മുതലിറക്കിയിട്ടും, ധാരാളം വായ്പകൾ കിട്ടാനുണ്ടായിട്ടും, ഇപ്പോൾ ലോകത്തിലെങ്ങും വ്യവസായങ്ങളിൽ പൊതുവേ മാന്ദ്യം കാണുന്നു. പല വ്യവസായങ്ങളും പൊളിഞ്ഞുപോകുന്നു. ആ സ്ഥിതിയിൽ, സർക്കാരിന്റെ മുതലിറക്കും ബാങ്കുകളുടെ വായ്പയും കുറഞ്ഞാലത്തെ കഥ പറയാനുണ്ടോ? വ്യവസായ മാന്ദ്യം തീവ്രമാകുന്നതോടെ തൊഴിലില്ലായ്മ ഇപ്പോഴത്തേക്കാൾ രൂക്ഷമാവും; സാധന ദൗർലഭ്യം ഇനിയും അധികം വിലവർദ്ധനയ്ക്കു കാരണമാവുകയും ചെയ്യും. വൻതോതിലുള്ള തൊഴിലില്ലായ്മയും വിലക്കയററവും ജനങ്ങൾക്കിടയിൽ അസംതൃപ്തി വളർത്തും. പ്രക്ഷോഭങ്ങൾ പെരുകിവരും. ക്രമസമാധാനങ്ങൾ തകരും. വിപ്ലവങ്ങൾ പൊട്ടിപ്പുറപ്പെടും. രക്തപ്പുഴ ഒഴുകും.

ഈ ദൂഷിതവലയത്തിൽനിന്നു പുറത്തു കടക്കാൻ സമ്പന്ന രാജ്യങ്ങൾ കണ്ടെത്തിയിട്ടുള്ള ഒരു മാർഗമാണ് ആയുധ വ്യാപാരം.

നിർഭാഗ്യവശാൽ മനുഷ്യവർഗം രണ്ടു ചേരികളായി തിരിഞ്ഞിരിക്കുന്നു. അമേരിക്കയുടെ നേതൃത്വത്തിലുള്ള മുതലാളിത്തച്ചേരിയാണൊന്ന്; റഷ്യയുടെ നേതൃത്വത്തിലുള്ള കമ്യൂണിസ്റ്റ് ചേരി മറെറാന്നും. രണ്ടു ചേരികളിലും ധാരാളം പിളർപ്പുകളുണ്ട്. കമ്യൂണിസ്റ്റ് റഷ്യയുടെ ശത്രുക്കളിൽ, അമേരിക്ക കഴിഞ്ഞാൽ അടുത്ത സ്ഥാനം ഇപ്പോൾ കമ്യൂണിസ്റ്റ് ചൈനയ്ക്കാണല്ലോ. മുതലാളിത്തച്ചേരിയിലുമുണ്ട് ധാരാളം വൈരുധ്യങ്ങൾ.

ഈ രണ്ടു ചേരികളിൽനിന്നും വേർപെട്ടും, എന്നാൽ, ആവശ്യംപോലെ രണ്ടു ചേരികളേയും ആശ്രയിച്ചും പുലരുന്ന ഒട്ടനവധി രാജ്യങ്ങളാണ് 'മൂന്നാംചേരി' എന്നറിയപ്പെടുന്നത്. 'നായയ്ക്കു നായയെ കണ്ടുകൂട' എന്ന പറച്ചിൽ ഏററവുമധികം പ്രസക്തമായിട്ടുള്ളതു മൂന്നാം ചേരിയിലെ രാജ്യങ്ങളെ സംബന്ധിച്ചാണ്. ഈ രാജ്യങ്ങൾ തമ്മിൽത്തമ്മിലുള്ള മത്സരങ്ങൾ അത്രയേറെ ക്രൂരങ്ങളത്രേ. ഈ മത്സരങ്ങൾ പലപ്പോഴും തുറന്ന യുദ്ധങ്ങളായി മാററാറുമുണ്ട്. രണ്ടാം മഹായുദ്ധത്തിനുശേഷം ഇതുവരെയായി 'യുദ്ധം' എന്നു വിളിക്കപ്പെടാവുന്ന 130—ലേറെ സംഘട്ടനങ്ങൾ ലോകത്തിലുണ്ടായിട്ടുണ്ട്. ഇവ നടന്നിട്ടുള്ളതു മുഴുവൻ മൂന്നാം ചേരിയിൽപ്പെട്ട രാജ്യങ്ങളിലാകുന്നു.

എണ്ണയുള്ളവ, എണ്ണയില്ലാത്തവ എന്നു മൂന്നാം ചേരി രാജ്യങ്ങളെ രണ്ടായി തിരിക്കാം. കയററിയയക്കാൻ എണ്ണയുള്ള സൗദിഅറേബിയ, കുവൈററ് മുതലായ രാജ്യങ്ങൾ, സാമൂഹ്യമോ വ്യാവസായികമോ ആയി വളരെ പിന്നോക്കം നില്ക്കുന്നവയെങ്കിലും, പണത്തിന്റെ കാര്യത്തിൽ അത്യന്തം സമ്പന്നങ്ങളാണ്. ശതകോടിക്കണക്കിനു ഡോളർ ഇവ അമേരിക്കൻ ബാങ്കുകളിൽ നിക്ഷേപിച്ചിരിക്കുന്നു. അതേസമയം വേണ്ടത്ര എണ്ണയില്ലാത്ത ബംഗ്ലാദേശ്, ഇന്ത്യ മുതലായവപോലുള്ള മൂന്നാംചേരി രാജ്യങ്ങൾ അത്യാവശ്യസാധനങ്ങൾപോലും പുറമേനിന്നു വാങ്ങാൻ കഴിയാതെ കഷ്ടപ്പെടുകയും പട്ടിണി കിടക്കുകയും ചെയ്യുന്നു.

ആയുധങ്ങളുണ്ടാക്കി, മൂന്നാം ചേരിയിലെ ധനിക രാജ്യങ്ങൾക്കും ദരിദ്രരാജ്യങ്ങൾക്കും ഒരുപോലെ വില്ക്കുകവഴി തല്ക്കാലത്തെ സാമ്പത്തിക വൈഷമ്യത്തിൽനിന്നു രക്ഷനേടാനാണ് സമ്പന്ന രാജ്യങ്ങൾ ഇപ്പോൾ ശ്രമിക്കുന്നത്. അമേരിക്ക, ബ്രിട്ടൻ, ഫ്രാൻസ്, പടിഞ്ഞാറൻ ജർമനി, ഇററലി, ഹോളണ്ട്, എന്നീ മുതലാളിത്ത രാജ്യങ്ങൾ മാത്രമല്ല, കമ്യൂണിസ്റ്റ് രാജ്യമായ സോവിയററു യൂനിയനും ഈ 'മരണവ്യാപാര'ത്തിൽ പങ്കെടുക്കുന്നുണ്ട്. ഇതുവരെ വൻതോതിൽ ആയുധം വാങ്ങിക്കൊണ്ടിരുന്ന ബ്രസീൽ, ഇസ്രായേൽ എന്നീ രാജ്യങ്ങളും ഇപ്പോൾ ആയുധങ്ങൾ ഉണ്ടാക്കി വിൽക്കാൻ തുടങ്ങിയിരിക്കുന്നു. ഈ രംഗത്തു വളരെവേഗം കടന്നുവന്നു സ്ഥാനമുറപ്പിക്കാൻ സാധ്യതയുള്ള ഒരു രാജ്യമാണ് ജപ്പാൻ.

നൂറുകോടി ഡോളർ വിലയുള്ള ആയുധം ഉണ്ടാക്കി വിററാൽ അമേരിക്കയിൽ അമ്പതിനായിരം തൊഴിലാളികൾക്കു നേരിട്ടു തൊഴിൽ കിട്ടുമത്രേ. നേരിട്ടല്ലാതെ തൊഴിൽ കിട്ടുന്നവരുടെ എണ്ണം ഇതിലധികമുണ്ടാവും. സൗദിഅറേബ്യയുമായി ഇപ്പോഴുള്ള ആയുധ വ്യാപാരത്തിൽ നിന്നുതന്നെ ഒരുലക്ഷത്തിപ്പന്തീരായിരം അമേരിക്കക്കാർക്ക് അടുത്ത അഞ്ചുകൊല്ലത്തേക്കു നിശ്ചിതമായ തൊഴിൽ ഉണ്ടായിരിക്കുമത്രേ. ആയുധവ്യവസായം ചില പ്രത്യേകസ്ഥലങ്ങളിൽ കേന്ദ്രീഭവിക്കുന്നു. അവിടങ്ങളിലെ തൊഴിലാളികളുടെ വോട്ട് ജനപ്രതിനിധികളുടെ രാഷ്ട്രീയ ഭാവിയുമായി ബന്ധപ്പെട്ടിരിക്കുന്നു. അതിനാൽ കൂടുതൽ കൂടുതൽ ആയുധവ്യാപാരത്തിനുവേണ്ടി വാദിക്കാൻ അമേരിക്കയിലെ ജനപ്രതിനിധികൾ നിർബന്ധിതരാവുന്നു.

നിർമാണം വർദ്ധിക്കുന്ന തോതിനു വ്യാപാരവും വർദ്ധിക്കുന്നു. രൊക്കം പണത്തിനു വ്യാപാരം നടക്കുമെങ്കിൽ നല്ലതു്. അല്ലെങ്കിൽ കടമായെങ്കിലും ആയുധം വിറേറ തീരൂ. ആയുധവില പണമായി കൊടുക്കാൻ കഴിയാത്ത രാജ്യങ്ങൾ മററുവിധത്തിൽ കടം വീട്ടുന്നു. ചിലർ ആയുധങ്ങൾ വിൽക്കുന്നവർക്കു സ്വന്തം സ്ഥലത്തു സൈനികത്താവളങ്ങളുണ്ടാക്കാൻ അനുമതി നൽകുന്നു; തുറമുഖ സൗകര്യങ്ങൾ കൊടുക്കുന്നു: ചാരവൃത്തി അനുവദിക്കുന്നു. സാമ്പത്തികമായും രാഷ്ട്രീയമായും ഇടപെടാൻ അവർക്കു ധാരാളം അവസരം സൃഷ്ടിച്ചു നൽകുന്നു.

1960-കളിൽ സമ്പന്ന രാജ്യങ്ങൾ മൂന്നാം ചേരിയിൽപ്പെട്ട രാജ്യങ്ങൾക്കിടയിൽ തങ്ങളുടെ സ്വാധീനം വർദ്ധിപ്പിക്കാൻ കൈക്കൊണ്ട മാർഗം സാമ്പത്തിക—സാങ്കേതിക സഹായങ്ങൾ നൽകുകയായിരുന്നു. ആ സ്ഥിതി ഇന്നു മിക്കവാറും മാറിയിരിക്കുന്നു. ഒന്നിനൊന്നു മികച്ച ആയുധങ്ങൾ വിലയ്ക്കും കടമായും നൽകിയാണ് ഇന്നു സമ്പന്ന രാജ്യങ്ങൾ തങ്ങളുടെ സ്വാധീനമേഖല വികസിപ്പിക്കുന്നതു്. ഇറാനിലെ ഷായ്ക്കു് അമേരിക്ക ആയിരംകോടി ഡോളർ വിലയ്ക്കുള്ള ആയുധങ്ങൾ നൽകിയിരുന്നു. സൗദിഅറേബ്യക്കു് അമേരിക്ക കൊടുക്കാൻ പോവുന്ന അവാക്സ് (AWACS) വിമാനങ്ങളുടെയും യുദ്ധോപകരണങ്ങളുടെയും വില എണ്ണൂററിയമ്പതു കോടി ഡോളറാണത്രെ. അറേബ്യക്കുതന്നെ മുന്നൂററിപ്പത്തു കോടി ഡോളർ വിലയ്ക്കുള്ള നാവികോപകരണങ്ങളും അമേരിക്ക നൽകാൻ പോകുന്നുണ്ട്. പാകിസ്ഥാനു കൊടുക്കാൻ പോകുന്നതു മുന്നൂറെറൺപതു കോടി ഡോളർ വിലയ്ക്കുള്ള യുദ്ധവിമാനങ്ങളും മററു് ഉപകരണങ്ങളുമാണ്. അണ്വായുധങ്ങൾ ഒഴികെയുള്ള എല്ലാത്തരം ആയുധങ്ങളും യുദ്ധോപകരണങ്ങളും വിലയ്ക്കോ, കടമായോ, സംഭാവനയായോ നൽകുകയെന്നതു് അമേരിക്കൻ വിദേശനയത്തിൻെറ ഒരു മുഖ്യ ഘടകമായി പ്രസിഡണ്ട് റേയ്ഗൻ അംഗീകരിച്ചിട്ടുണ്ടെന്നു് ഔദ്യോഗികമായി പ്രഖ്യാപിക്കപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ ആണ്ടിൽ എഴുപത്തിരണ്ടു രാജ്യങ്ങൾക്കു് അമേരിക്ക ആയുധം വിററിരുന്നു. ഒരു ചെറിയ രാജ്യമായ തായ്‌ലാൻഡിന്‌ 1980-ൽ

അമേരിക്ക ഇരുപത്തിരണ്ടു കോടി ഇരുപതു ലക്ഷം ഡോളർ വിലയുള്ള ആയുധങ്ങൾ നൽകി ലോകത്തിലാകെയുള്ള ആയുധവ്യാപാരത്തിൽ നാല്പത്തഞ്ചു ശതമാനവും നടത്തുന്നതു് അമേരിക്കയിലാണു്. 'ടൈം' മാസിക പ്രസിദ്ധീകരിച്ച ഒരു കണക്കനുസരിച്ചു് 1980—ൽ അമേരിക്ക അഞ്ഞൂററിമുപ്പത്താറു കോടി ഡോളർ വിലയുള്ള ആയുധം വിററു. റഷ്യ അതേ ആണ്ടിൽ വിററതു മുന്നൂററിത്തൊണ്ണൂററിനാലു കോടി ഡോളർ വിലയുള്ള ആയുധങ്ങളാണു്. ഫ്രാൻസ് നൂററിനാല്പത്തഞ്ചുകോടി ഡോളർ വിലയും, ബ്രിട്ടൻ അറുപത്തഞ്ചുകോടി ഡോളർ വിലയും, ഇററലി അമ്പത്തിമൂന്നുകോടി ഡോളർ വിലയും. പടിഞ്ഞാറൻ ജർമനി ഇരുപത്തിരണ്ടുകോടി ഡോളർ വിലയും ആയുധങ്ങൾ 1980-ൽ വിററു. ഇതെല്ലാം സർക്കാരുകൾ നടത്തുന്ന വ്യാപാരമാണു്. സ്വകാര്യ വ്യക്തികൾ നടത്തുന്ന ആയുധവ്യാപാരവും കരിഞ്ചന്തയും ഇതിനു പുറമെയുണ്ടു്. തങ്ങളുടെ കൈവശം വിൽക്കാനുള്ള ആയുധങ്ങളുടെ പൂർണ വിവരങ്ങളടങ്ങിയ ക്യാററലോഗുകൾ ബ്രിട്ടനും ഫ്രാൻസും അച്ചടിച്ച് പ്രസിദ്ധപ്പെടുത്താറുണ്ടു്. പല രാജ്യങ്ങളിലും ആയുധപ്രദർശനങ്ങളും ആയുധച്ചന്തകളും സംഘടിപ്പിക്കാനും ഈ ആയുധക്കയററുമതി രാജ്യങ്ങൾ മുന്നോട്ടു വരുന്നുണ്ടു്. കടുത്ത മത്സരമുള്ള ഒന്നാണു് ആയുധവ്യാപാരമെന്നതിനാൽ സർക്കാർതലത്തിലും സ്വകാര്യതലത്തിലുമുള്ള ഒട്ടേറെ ഏജൻറുമാരും ഇടത്തട്ടുകാരും ഈ രംഗത്തു നിലവിൽ വന്നിട്ടുണ്ടു്. സൗദിഅറേബ്യയ്ക്കു നാവികായുധങ്ങൾ വില്ക്കുന്ന കരാർ അമേരിക്ക ഉണ്ടാക്കിയതു് നൂറു് അമേരിക്കൻ ഏജൻറുമാരുടെ മൂന്നു കൊല്ലത്തെ പരിശ്രമത്തിൻെറ ഫലമായിട്ടാണത്രെ. വ്യാപാരത്തിനു കൈക്കൂലിയായി രാഷ്ട്രീയരംഗത്തിലെ പ്രമുഖന്മാർക്കു കൂററൻ തുകകൾ നൽകപ്പെട്ട കഥകളും വിരളമല്ല.

വലിയ യുദ്ധക്കപ്പലുകളും ബോംബർ വിമാനങ്ങളും ടാങ്കുകളും മുതൽ ചെറിയ കൈത്തോക്കുകളും വെടിക്കോപ്പുകളും വരെ ഒട്ടധികം വസ്തുക്കൾ ഈ കച്ചവടത്തിൽ ഉൾപ്പെടുന്നു. ഇങ്ങനെ വാങ്ങി സർക്കാരുകൾ സംഭരിച്ച സാധനങ്ങൾ, അസ്വാസ്ഥ്യബാധിത പ്രദേശങ്ങളിൽ വളരെവേഗം സാധാരണക്കാരുടെ, പ്രത്യേകിച്ചു റൗഡികളുടെ കൈയിലെത്തിപ്പെടുന്നു. ഇതുകൊണ്ടുണ്ടാവുന്ന ദോഷം പ്രത്യേകിച്ചു പറയേണ്ടതില്ല. ആകെ ജനസംഖ്യയെക്കാൾ അധികം തോക്കുകൾ വിയററ്നാമിലുണ്ടത്രെ. തെക്കുകിഴക്കേ ഏഷ്യയിലും പടിഞ്ഞാറേ ഏഷ്യയിലും ആഫ്രിക്കയിലും ലാററിനമേരിക്കയിലുമുള്ള പല രാജ്യങ്ങളിലും സ്ഥിതി ഏറെക്കുറെ ഇതുതന്നെയാണു്. വില്ക്കപ്പെടുന്ന ആയുധങ്ങളുടെ കൂട്ടത്തിൽ, 45 റാത്തൽമാത്രം തൂക്കമുള്ളതും, ചുമലിൽവെച്ചു മേല്പോട്ടയയ്ക്കാവുന്നതും, ആകാശത്തിലെ ഉഷ്ണം തേടിച്ചെന്നു വിമാനങ്ങളിൽ മുട്ടി അവയെ നശിപ്പിക്കുന്നതുമായ മിസൈലുകൾവരെ ഉൾപ്പെടുമത്രെ. തെരുവു റൗഡികളുടെ കൈയിൽ ഇത്തരം സൂക്ഷ്മഭീകരായുധങ്ങൾ എത്തിപ്പെടുന്നതിൻെറ ഫലം ഊഹിക്കാമല്ലോ.

ആയുധവില്പന മത്സരത്തിനു ചൂടേറിവരുകയാണു്. 1970-ൽ അമേരിക്ക വിററതിൻെറ നാലര ഇരട്ടി ആയുധങ്ങൾ 1980—ൽ അമേരിക്ക വിൽക്കുകയുണ്ടായി. ആണ്ടുതോറും ഈ വർദ്ധനയുടെ സ്പീഡ് കൂടുകയാണു്. സ്വന്തം നാട്ടിലെ തൊഴിലില്ലായ്മയ്ക്കു പരിഹാരമെന്ന നിലയിലും വ്യാപാരശിഷ്ടം വർദ്ധിപ്പിക്കാനും, വിദേശനയത്തിൻെറ ഒരു ഭാഗമായും, ശീതയുദ്ധത്തിലെ പ്രധാന ഘടകമായും, വ്യവസായവത്കൃത രാജ്യങ്ങൾ ഈ നരഹത്യാ വ്യാപാരം തുടർന്നുപോകുന്നു. 'ആയുധവില്പന ഞങ്ങൾ നിറുത്തിയാലും ഞങ്ങളുടെ എതിരാളികൾ അതു തുടർന്നു നടത്തുമല്ലോ.' എന്നും, 'എതിരാളികൾ നടത്തുന്ന ആയുധവില്പനയ്ക്കു പ്രതിവിധി ഞങ്ങളുടെ ആയുധവില്പന മാത്രമാണല്ലോ' എന്നും മററുമുള്ള ന്യായീകരണങ്ങൾ അവർ ആവർത്തിക്കുകയും ചെയ്യുന്നു.

ആയുധം വാങ്ങിക്കൂട്ടുന്ന ദരിദ്രരാജ്യങ്ങളുടെ സ്ഥിതിയോ? ഇറാൻപോലെ പല രാജ്യങ്ങളും അകത്തുനിന്ന് അട്ടിമറിക്കപ്പെടുന്നു. വിയറ്റ്നാമും കമ്പൂച്ചിയയും പോലെയുള്ള പല രാജ്യങ്ങളും പുറമെനിന്ന് ആക്രമിക്കപ്പെടുന്നു. ഇന്ത്യയും പാകിസ്ഥാനും പോലെയുള്ള പല രാജ്യങ്ങളും പിരിമുറുകിയ പരസ്പര മത്സരത്തിൽപ്പെട്ട് പുരോഗതി നേടാനാകാതെ കുഴങ്ങുന്നു.

ഈ വിഷമവൃത്തത്തിൽനിന്ന് എങ്ങനെ പുറത്തു കടക്കാൻ?

# 17. മുങ്ങിക്കപ്പലുകളും ഇനിയത്തെ യുദ്ധവും

അമേരിക്കയും റഷ്യയും തമ്മിൽ ഒരു യുദ്ധമുണ്ടാവുകയാണെങ്കിൽ, ആ യുദ്ധത്തിന്റെ അതിപ്രധാനമായ ഒരു രംഗം സമുദ്രത്തിന്റെ അടിത്തട്ടായിരിക്കും. കാരണം, ആ യുദ്ധത്തിൽ പ്രയോഗിക്കുന്നതിന് ഇരു കക്ഷികളും തയ്യാറാക്കിയിട്ടുള്ള അണ്വായുധങ്ങളിൽ വളരെ വലിയ ഒരു ഭാഗം ഒരുക്കിവെച്ചിട്ടുള്ളതു മുങ്ങിക്കപ്പലുകളിലാണ്.

അമേരിക്കയുടെ കൈവശമുള്ള അണ്വായുധങ്ങളിൽ പകുതിയിലേറെയും, അണുശക്തികൊണ്ടു പ്രവർത്തിക്കുന്ന നൂറ്റിയിരുപത്തൊന്നു മുങ്ങിക്കപ്പലുകളിൽ, ശത്രുലക്ഷ്യങ്ങളിലേക്കു ചൂണ്ടി ഘടിപ്പിച്ചിരിക്കുകയാണത്രേ.

പോളാരിസ്, പോസൈഡോൺ, ട്രൈഡന്റ് എന്നു മൂന്നുതരത്തിൽപ്പെട്ടവയാണ് അമേരിക്കയുടെ മുങ്ങിക്കപ്പലുകൾ. അണുശക്തികൊണ്ടു പ്രവർത്തിക്കുന്നവയായതിനാൽ ഈ മുങ്ങിക്കപ്പലുകൾക്കു മാസങ്ങളോളം വെള്ളത്തിനുള്ളിൽ, ശ്വാസം കഴിക്കാൻ പുറത്തു തല കാട്ടാതെ, കഴിച്ചുകൂട്ടാൻ സാധിക്കും.

ഏതാനും ദശാബ്ദങ്ങൾക്കു മുമ്പുവരെ അണ്വായുധങ്ങൾ എടുത്തുകൊണ്ടുപോയി ശത്രുലക്ഷ്യങ്ങളിൽ പ്രയോഗിക്കുന്നതിന് വിമാനങ്ങളെ ആശ്രയിക്കാമെന്നാണു കരുതിയിരുന്നത്. പക്ഷേ, വിമാനത്താവളങ്ങളിൽനിന്നു പുറപ്പെടും മുമ്പു നിലത്തുവെച്ചോ, പുറപ്പെട്ട ശേഷം ആകാശത്തിൽവെച്ചോ വിമാനങ്ങളെ നശിപ്പിക്കാനുള്ള പല ഉപായങ്ങളും പിന്നീടു കണ്ടുപിടിക്കപ്പെട്ടു. അതിനാൽ, ശത്രുലക്ഷ്യങ്ങളെ തകർക്കുന്നതിനു വിമാനങ്ങളെ മാത്രം വിശ്വസിച്ചിരിക്കുക വയ്യെന്നു വന്നു.

വിമാനങ്ങൾക്കു പകരം അണ്വായുധങ്ങൾ വഹിക്കുന്നതിന് റോക്കറ്റുകളെയും ഉപയോഗപ്പെടുത്താം. ശക്തിയേറിയ ഈ റോക്കറ്റുകളെ ബാഹ്യാന്തരീക്ഷത്തിലേക്കു വിക്ഷേപിക്കുകയും, അവിടെനിന്ന് ഇറക്കി ശത്രുലക്ഷ്യത്തിൽ അവയെ കൃത്യമായി കൊണ്ടിടുകയും ചെയ്യാം. ഒരേ റോക്കറ്റിൽത്തന്നെ, മൂന്നോ നാലോ വ്യത്യസ്ത ലക്ഷ്യങ്ങളിൽ വീഴമാറ് മൂന്ന്—നാല് അണ്വായുധങ്ങൾ ഘടിപ്പിക്കുന്ന സമ്പ്രദായവും നിലവിൽ വന്നിട്ടുണ്ട്. എങ്കിലും, റോക്കറ്റുകളെയും പൂർണമായി വിശ്വസിച്ചുകൂടാ. കാരണം, നിലത്തുനിന്ന് ഉയരും മുമ്പ്, റോക്കറ്റുകൾ സ്ഥാപിച്ചിട്ടുള്ള ഭൂമിക്കടിയിലെ കോൺക്രീറ്റ് ഗുഹകളിൽവെച്ചോ, നിലത്തുനിന്ന് ഉയർന്ന ശേഷം അന്തരീക്ഷത്തിൽവെച്ചോ അവയെ തകർത്തു കളയുന്നതിനുള്ള ഫലപ്രദങ്ങളായ ഉപകരണങ്ങൾ ധാരാളമായി ഉണ്ടാക്കപ്പെടുന്നുണ്ട്.

റഷ്യയും അമേരിക്കയും വിക്ഷേപിച്ച ഒട്ടേറെ ഉപഗ്രഹങ്ങൾ അന്തരീക്ഷത്തിലൂടെ ഭൂമിയെ പ്രദക്ഷിണം വെച്ചുകൊണ്ടിരിക്കുന്നു. കരയിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള അണ്വായുധങ്ങളും, അവ വഹിക്കുന്ന വിമാനങ്ങളും, റോക്കറ്റുകളും, എല്ലാം, ദിവ്യദൃഷ്ടിയുള്ള ഈ ഉപഗ്രഹങ്ങൾ സദാസമയവും കണ്ടു മനസ്സിലാക്കുകയും, തങ്ങൾ അറിഞ്ഞ പൂർണവിവരങ്ങൾ താഴെ,